


# ഈശോയുടെ ദൗത്യാരംഭം

ബ്ര. എബിൻ ജോസഫ് MCBS

Vol. 11, Issue: 35

**കോ**വിഡിന്റെ ബുദ്ധിമുട്ടുകളെയും നിരാശകളെയുമൊക്കെ മറികടന്ന് കേരളജനത ഒന്നാകെ തിരഞ്ഞെടുപ്പിന്റെ ആവേശത്തിലേയ്ക്ക് പറന്നുയരുന്നത് നാം കണ്ടു. ചൂടുപിടിച്ച ചർച്ചകളും പ്രചരണങ്ങളുമൊക്കെയായി ഓരോ പാർട്ടിയും വളരെ നൂതനവും ക്രിയാത്മകവുമായ രീതിയിൽ മത്സരിച്ചു. എല്ലാവരും ജനങ്ങൾക്ക് വ്യത്യസ്ത വാഗ്ദാനങ്ങൾ നൽകി. പലതും വളരെ ആകർഷകമെങ്കിലും ജനത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളെ യാതൊരുവിധത്തിലും സ്പർശിക്കാത്തതാണ്. എന്നിരുന്നാലും കുറച്ചുപേർ വിജയത്തിന്റെ മധുരവും മറ്റുചിലർ പരാജയത്തിന്റെ കയ്പ്പും രുചിച്ചു.

ഇന്ന് ദനഹാക്കാലം ഒന്നാം ഞായർ. ഈശോയുടെ ജ്ഞാനസ്നാന വേളയിൽ പിതാവായ ദൈവം സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു. ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭവും പരിശുദ്ധ ത്രീത്വത്തിന്റെ വെളിപ്പെടുത്തലും ധ്യാനവിഷയമാക്കുന്ന കാലഘട്ടമാണിത്. ദനഹ എന്ന വാക്കിന്റെ അർത്ഥം തന്നെ പ്രത്യക്ഷീകരണം, വെളിപ്പെടുത്തൽ, സൂര്യോദയം എന്നൊക്കെയാണ്.

നസ്രത്തിലെ സിനഗോഗിൽ തന്റെ പരസ്യജീവിതത്തിന്റെ തുടക്കമെന്നോണം ഉദ്ഘാടനപ്രഘോഷണം നടത്തുകയാണ് ഈശോ. കേവലം ഒരു രാഷ്ട്രീയപ്രസംഗം പോലെ വാഗ്ദാനങ്ങളുടെയോ, വിമർശനങ്ങളുടെയോ ഒരു പ്രകടനമായിരുന്നില്ല അത്. മറിച്ച്, തന്നിലൂടെ പൂർത്തിയാക്കപ്പെട്ടവയെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലായിരുന്നു. പാപത്തിന്റെ അടിമത്വത്തിൽ കഴിയുന്ന മാനവരാശിക്ക് വിമോചകനായി സ്വർഗ്ഗം വിട്ടിറങ്ങിയവൻ, ദൈവപുത്രനായ ക്രിസ്തു എല്ലാവിധ അടിമത്വത്തിൽ നിന്നും വിമോചിപ്പിക്കുന്ന സമഗ്രവിമോചകനാണ് എന്ന് അവിടുന്ന് ഓർമ്മപ്പെടുത്തുന്നു.

യഹൂദരുടെ പ്രാർത്ഥനാസമ്മേളനങ്ങൾ നടത്തപ്പെടുന്ന ഇടമായിരുന്നു സിനഗോഗ്. ജറുസലേം ദൈവാലയം തകർക്കപ്പെട്ട് ബി.സി. 587-ൽ പ്രവാസികളായി ബാബിലോണിലെത്തിയ യഹൂദർക്ക് ദൈവാരാധന നടത്താനുള്ള സാഹചര്യം നഷ്ടമായി. ഇതിനൊരു പരിഹാരമെന്നോണം യഹൂദർ കണ്ടെത്തിയ ഉപാധിയായിരുന്നു പ്രാർത്ഥിക്കാനും വചനം വായിച്ചുപഠിക്കാനും ഒരുമിച്ചുകൂടുകയെന്നത്. അങ്ങനെ അവർ ഒരുമിച്ചുകൂടിയ ഇടങ്ങൾ സിനഗോഗ് എന്ന് അറിയപ്പെട്ടു. പ്രവാസത്തിൽ നിന്ന് തിരിച്ചുവന്നതിനു ശേഷവും അവർ ഈ സമ്പ്രദായം തുടർന്നുപോന്നു. സിനഗോഗിൽ സാബത്തുദിവസം ഒരുമിച്ചുകൂടുകയും സങ്കീർത്തനം ആലപിച്ച് പ്രാർത്ഥിക്കുകയും റബ്ബിമാർ അവർക്ക് വചനം വ്യാഖ്യാനിച്ചു നൽകുകയും ചെയ്തുപോന്നു. ഇപ്രകാരം ഈശോ വളർന്ന സ്ഥലമായ സിനഗോഗിൽ അവിടുന്ന് വചനം വായിക്കുന്നതാണ് പശ്ചാത്തലം. തന്നെ ശ്രവിക്കുന്നവർക്ക് അവൻ പരിചിതനായിരുന്നു എന്നു സാരം.

'അഗ്നിച്ചിറകുകൾ' എന്ന തന്റെ ആത്മകഥയിൽ കലാം ഇപ്രകാരം പറയുന്നുണ്ട്: ''മറ്റുള്ളവരെ അറിയുന്നവൻ പഠിപ്പുള്ളവനാണ്. എന്നാൽ തന്നെത്തന്നെ അറിയുന്നവനാണ് ബുദ്ധിമാൻ.'' ബുദ്ധി കൂടാതെയുള്ള അറിവ് നിഷ്പ്രയോജനമാണ്. ആത്മജ്ഞാനമാണ് ഏറ്റവും വലിയ അറിവ്. വചനത്തിൽ ഈശോയ്ക്ക് തന്നെക്കുറിച്ചുള്ള ധാരണ നമ്മെ അത്ഭുതപ്പെടുത്തണം. താൻ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണെന്നും തന്റെയുള്ളിൽ ദൈവത്തിന്റെ ശക്തിയായ പരിശുദ്ധാത്മാവ് വസിക്കുന്നുവെന്നും തനിക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന ദൗത്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമായ ഒരു അറിവ് അവനുണ്ടായിരുന്നു. ഇതു തന്നെയായിരുന്നു ആ ദൗത്യവിജയത്തിന്റെ കാതലും.

ഈശോയുടെ ദൗത്യവിജയത്തിന്റെ ഒന്നാമത്തെ കാരണം, താൻ അയയ്ക്കപ്പെട്ടവനാണ് എന്ന ബോദ്ധ്യമായിരുന്നു. തന്നെ അയച്ചവനിലുള്ള വിശ്വാസമായിരുന്നു. അവനറിയാതെ ജീവിതത്തിൽ ഒന്നും നടക്കുകയില്ല എന്നുള്ള ഉറപ്പായിരുന്നു. അതുകൊണ്ടാണ് ഗെത്സമേനിൽ രക്തം വിയർത്ത് മാനസികവ്യഥയുടെ മുൾമുടിയിൽ നിൽക്കുമ്പോഴും എന്റെ ഹിതമല്ല നിന്റെ ഹിതം നിറവേറട്ടെ എന്നു പ്രാർത്ഥിക്കാൻ അവനു കഴിഞ്ഞത്. പിതാവിന്റെ കരം പിടിച്ചു നടക്കുന്ന ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം യാതൊന്നും അവനെ ഭയപ്പെടുത്തുന്നില്ല. കാരണം, അവൻ പിടിച്ചിരിക്കുന്ന കരം മറ്റെന്തിനേക്കാളും ശക്തമാണെന്നുള്ള വിശ്വാസമാണ്. ഈ വിശ്വാസം എന്ന് ഇല്ലാതാകുന്നോ അന്ന് ഭയം ഒരുവനെ കീഴടക്കും.

രണ്ടാമത്തെ കാരണം, കർത്താവിന്റെ ആത്മാവ് തന്റെ മേലുണ്ട് എന്നുള്ള ധൈര്യമായിരുന്നു. ദൈവാത്മാവിന്റെ പ്രത്യേക അഭിഷേകമുള്ളവനാണ് ക്രിസ്തു എന്ന പ്രവചനത്തിന്റെ നിറവേറലാണ് ഇവിടെ കാണുന്നത്. ഇന്ന് ഈ തിരുവെഴുത്ത് നിറവേറി എന്ന് യേശു അവസാനം പറഞ്ഞുവയ്ക്കുമ്പോൾ കർത്താവിന്റെ ആത്മാവുള്ള, അഭിഷേകം ചെയ്യപ്പെട്ട എന്നുവായിച്ച നസറത്തുകാരനായ ഈ യഹൂദ യുവാവ് ക്രിസ്തുവാണെന്ന് സ്വയം വെളിപ്പെടുത്തുകയാണ്. മിശിഹായുഗത്തിന്റെ ആരംഭമായെന്ന് ലൂക്കാ സുവിശേഷകൻ ഇതിലൂടെ സമർത്ഥിക്കുന്നു. മാമ്മോദീസായിലൂടെയും സൈ്ഥര്യലേപനത്തിലൂടെയും നമ്മിൽ വന്ന ദൈവത്തിന്റെ ശക്തിയായ പരിശുദ്ധാത്മാവിനെ കണ്ടെത്താനുള്ള വിളിയാണ് വചനം നൽകുക. ആത്മാവിന്റെ ദാനങ്ങളും, വരങ്ങളും, ഫലങ്ങളും നമ്മിൽ നിറയുമ്പോൾ നാം എന്തിന് ദൈവത്താൽ അയയ്ക്കപ്പെട്ടോ, അത് തിരിച്ചറിയാനും ഏറ്റവും പൂർണ്ണതയോടെ അത് നിറവേറ്റാനും സാധിക്കും.

മൂന്നാമതായി, തന്റെ രാജ്യത്തെക്കുറിച്ച് ഈശോയ്ക്കുണ്ടായിരുന്ന വ്യക്തതയായിരുന്നു. മനുഷ്യന്റെ കുറവുകളിലേയ്ക്ക് നിറവായി അവതരിക്കുക എന്നതായിരുന്നു അവന്റെ ദൗത്യം. ദരിദ്രർക്ക് സുവിശേഷം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം എന്നൊക്കെ പറയുമ്പോൾ ഇതു തന്നെയാണ് വിവക്ഷിക്കുന്നത്. ആത്മീയതയുടെ ദാരിദ്ര്യത്തിൽ ദൈവാലയം കച്ചവടസ്ഥലമായപ്പോൾ തിരുത്തലായി അവൻ മാറി. ലാസറിലൂടെ ഭൗതികദാരിദ്ര്യം അനുഭവിക്കുന്നവർ ദൈവത്തിന് പ്രിയപ്പെട്ടവരായി മാറുമെന്ന പ്രത്യാശ അവൻ പകർന്നു നൽകി. പാപത്തിന്റെ ബന്ധനത്തിൽ നിന്നും അടിച്ചമർത്തലിൽ നിന്നും ഉത്ഥാനം ചെയ്തുകൊണ്ട് ശാശ്വതമായ വിമോചനം അവൻ നൽകി.

അതിനാൽ നമ്മുടെ ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാടുകൾ നമുക്കുണ്ടാകണം. ലക്ഷ്യമുണ്ടെങ്കിൽ മാത്രമേ അതിനുവേണ്ടി പ്രയത്നിക്കാനും അതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താനും നാം ശ്രമിക്കൂ. ഇല്ലെങ്കിൽ ലക്ഷ്യമില്ലാതെ അലസമായി നമ്മുടെ ജീവിതം പാഴാക്കിക്കളയാനിടയാകും.

ഈ ദനഹാക്കാലത്തിൽ ഈശോയുടെ പരസ്യജീവിതത്തെക്കുറിച്ച് നാം ധ്യാനിക്കുമ്പോൾ അവനുമായി അനുരൂപപ്പെടുവാനായിട്ട് നമുക്ക് പരിശ്രമിക്കാം. സഭ സ്വഭാവത്താലേ പ്രേഷിതയാണ്. അതിനാൽ സഭാംഗങ്ങളായ നാമെല്ലാവരും പിതാവിനാൽ അയയ്ക്കപ്പെട്ടവരുമാണ്. നാം ആരാണെന്നും, എന്താണ് നമ്മിലുള്ളതെന്നും, എന്താണ് നമ്മുടെ ദൗത്യമെന്നും വ്യക്തമായ ഒരു ചിത്രം നമ്മുടെയുള്ളിൽ ഉണ്ടാകാൻ ഈ കാലഘട്ടത്തിൽ നമുക്ക് പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. നാം ആരാണെന്ന ബോധ്യം നമ്മിൽ ഇല്ലാതാകുമ്പോഴാണ് പറയുന്നതും പ്രവർത്തിക്കുന്നതുമൊക്കെ വൈരുദ്ധ്യങ്ങളും വിവാദങ്ങളുമായി മാറുന്നത്. മോശമായ പ്രതികരണങ്ങൾ പലയിടങ്ങളിൽ നിന്നും ഉടലെടുക്കുമ്പോൾ വിശ്വാസത്തിൽ ഇടർച്ചയുണ്ടാകുന്നതിനു കാരണം ഈ സ്വയാവബോധം ഇല്ലായ്മ തന്നെയാണ്. അയച്ചവനിൽ വിശ്വാസമില്ലാതാകുന്നതു കൊണ്ടാണ്. ഇവിടെയാണ് എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് എന്നുപറഞ്ഞ പൗലോസ് ശ്ലീഹായും, കുഷ്ഠരോഗികളിൽ ക്രിസ്തുവിനെ കണ്ട് രക്തസാക്ഷിയായി മാറിയ ഫാ. ഡാമിയാനും, ചേരികളിൽ ജീവിക്കുന്ന ക്രിസ്തുവിനെ തിരഞ്ഞുപോയ മദർ തെരേസയും, അയച്ചവന്റെ ശക്തിയിൽ വിശ്വസിച്ചവരും ജീവിതനിയോഗങ്ങളെ തിരിച്ചറിഞ്ഞ് തങ്ങളുടെ ജീവിതം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാക്കി തീർത്തവരുമാണ്. നമുക്കും ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ദൈവത്തിന്റെ ഹിതം അന്വേഷിക്കുന്നവരും അത് പൂർത്തീകരിക്കുന്നവരുമാകാം. അങ്ങനെ നമ്മുടെ ജീവിതവും ഒരു അനുഗ്രഹമാക്കി മാറ്റാം.